## മേശപ്പുറത്തുവയ്ക്കുന്ന കടലാസുകൾ

### ചട്ടം 47(2) അനുസരിച്ചുള്ള ലിസ്റ്റ് പ്രകാരം

1. മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, പതിമൂന്നാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിലെ 1688, ആറാം സമ്മേളനത്തിലെ 108 എന്നീ നമ്പരുകളിലുള്ള നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

2. വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, പതിമൂന്നാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 551-ന്റെ മറുപടിയും യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

## IV. റിപ്പോർട്ട് സമർപ്പണം

### 1. 2013-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI- ന്റെ റിപ്പോർട്ട്

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, 2013-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI- ന്റെ റിപ്പോർട്ടും കമ്മിറ്റി റിപ്പോർട്ട് ചെയ്തതുപ്രകാരമുള്ള ബില്ലും സമിതിയുടെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

### 2. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഇരുപത്തിയാറ് മുതൽ ഇരുപത്തിയെട്ട് വരെയുള്ള റിപ്പോർട്ടുകൾ

ഡോ. ടി. എം. തോമസ് ഐസക്: സർ, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ കമ്മിറ്റിയുടെ ഇരുപത്തിയാറ് മുതൽ ഇരുപത്തിയെട്ട് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

## 3. സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട്

ശ്രീ. മോൻസ് ജോസഫ്: സർ, സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.